ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6137(1)/2023-എഫ്4** **തീയതി: 13-01-2025**

**കാരണം കാണിക്കൽ നോട്ടീസ്**

തൃശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. മോഹ്സിൻ മുഹമ്മദ് അലി എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി 01.12.2023 മുതൽ 5 വർഷം ശ്യൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിച്ചതായി ഈ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. താങ്കൾ 27.06.2024 ലെ കത്ത് പ്രകാരം രാജി അപേക്ഷ സമർപ്പിയ്ക്കുകയും 10.07.2024 ൽ ഇ- മെയിൽ മുഖാന്തിരം ആയത് റദ്ദാക്കുന്നതിനായി അപേക്ഷ സമർപ്പിയ്ക്കുകയും ചെയ്തതായി തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അറിയിച്ചിരുന്നു. എന്നാൽ നാളിതു വരെ താങ്കൾ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ല.

ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ താങ്കളുടെ ഈ നടപടി ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും ആണ്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19 എ (ii) പ്രകാരം താങ്കളുടെ സേവന നിരീക്ഷണം അവസാനിപ്പിയ്ക്കുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമുള്ള ഒരു താൽക്കാലിക തീരുമാനം നിയമനാധികാരി എടുത്തിട്ടുണ്ട്.

ആയതിനാൽ താങ്കൾക്ക് നൽകുന്ന അവസാന അവസരമെന്ന നിലയിൽ, ജോലിയിൽ തിരികെ പ്രവേശിയ്ക്കാൻ താല്പര്യമുള്ള പക്ഷം, ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിയ്ക്കേണ്ടതാണെന്നും, ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിയ്ക്കാനില്ല എന്ന നിഗമനത്തിൽ ഇനിയൊരു അറിയിപ്പ് കൂടാതെ തന്നെ 1960 ലെ കെസിഎസ്& സിസിഎ ചട്ടപ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും അറിയിയ്ക്കുന്നു.

Signed by
Thomas Mathew
Date: 13-01-2025 16:22:33

**THOMAS MATHEW**

**DIRECTOR**

സ്വീകർത്താവ്: ഡോ.മോഹ്സിൻ മുഹമ്മദ് അലി, വേമ്പയിൽ ഹൗസ്, എടക്കര റോഡ്, വടക്കേക്കാട് - **679562**

**(Or)**

ഡോ. മോഹ്സിൻ മുഹമ്മദ് അലി, ആറ്റ്പുറത്ത് ഹൗസ്, എടക്കര റോഡ്, വടക്കേക്കാട് - **679562**
(പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ മുഖാന്തരം)

പകർപ്പ്: പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in, dmekerala@gmail.com**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

ഫാക്സ് : **0471-2443080**

മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6137(1)/2023-എഫ്4** **തീയതി: 21-02-2025**

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

തൃശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അയ ഡോ. മൊഹ്സിൻ മുഹമ്മദ് അലി എന്ന താങ്കൾക്ക് എതിരായ കാരണം കാണിയ്ക്കൽ നോട്ടീസ് ഈ കാര്യാലയത്തിൽ നിന്നും തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരവും രജിസ്റ്റേഡ് ആയി അയച്ചിട്ടുണ്ടായിരുന്നു. ആയതിൽ സേവന നിരീഷണകാലയളവിൽ 01.12.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾസ് 19(എ) പ്രകാരം സേവന നിരീക്ഷണം അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് എതിരായ കാരണം കാണിയ്ക്കൽ നോട്ടീസിന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സേവനനിരീക്ഷണത്തിലുള്ള താങ്കളെ ആയത് അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വികരിക്കുന്നതാണ്. താങ്കൾക്ക് എതിരായ കാരണം കാണിയ്ക്കൽ നോട്ടീസ് അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തനസമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയയ്ക്കേണ്ട വ്യക്തമായ മേൽ വിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

Signed by
Thomas Mathew
Date: 21-02-2025 10:16:50

**THOMAS MATHEW**

**DIRECTOR**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.മെ.വി.വ. /6137(2)/2023-എഫ്4** **തീയതി: 21-02-2025**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിൻഡോ നമ്പർ ഐ പി ആർ ഡി ....................................

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
കേരളം, തിരുവനന്തപുരം

**01.12.2023** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത തൃശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. മൊഹ്സിൻ മുഹമ്മദ് അലി- യ്ക്ക് എതിരായ അച്ചടക്ക നടപടി. പ്രതിവാദ പത്രിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം ലഭിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Signed by
Thomas Mathew
Date: 21-02-2025 10:17:42

**THOMAS MATHEW**
**DIRECTOR**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6137(3)/2023-എഫ്4** **തീയതി: 21-02-2025**

സ്വീകർത്താവ്,

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വിഭാഗം
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ/മാഡം,

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ഡോ. മൊഹ്സിൻ മുഹമ്മദ് അലി, അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ -അച്ചടക്ക നടപടി- നോട്ടീസ് -അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ നോട്ടീസ് പ്രസിദ്ധീകരിക്കാൻ നടപടി- സംബന്ധിച്ച്

സൂചന : 1.13.01.2025 ലെ മെ.വി.വ. /6137/2023-എഫ്4 നം. കാരണം കാണിയ്ക്കൽ നോട്ടീസ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തൃശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. മൊഹ്സിൻ മുഹമ്മദ് അലി നിരീക്ഷണ സേവനകാലയളവിൽ 01.12.2023 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാൾക്ക് എതിരായ നോട്ടീസ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ ഇതോടൊപ്പം അയയ്ക്കുന്നു. ഉചിത മേൽ നടപടി സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 21-02-2025 10:16:02

**THOMAS MATHEW**

**DIRECTOR**

ഉള്ളടക്കം: മേൽ പറഞ്ഞവ